പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *54

13-01-2021 ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളുടെ ശക്തീകരണം

| ചോദ്യം<br>ശ്രീ. കെ. രാജൻ<br>ശ്രീമതി ഗീതാ ഗോപി | മറുപടി<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| എ) ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ പോലും സ്വകാര്യ മേഖലയ്ക്ക് വിറ്റഴിക്കുന്ന കേന്ദ്രസർക്കാരിന്റെ സമീപനത്തിന് ബദലായി മുൻ സർക്കാരിന്റെ കാലയളവിൽ നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൈത്താങ്ങ് നല്കി ലാഭത്തിലാക്കി സമൂഹത്തിന്റെ പൊതു ആസ്തികൾ സംരക്ഷിക്കുകയും ശക്തീകരിക്കുകയും ചെയ്യുന്ന സർക്കാർ നിലപാട് വിശദമാക്കുമോ; | എ) പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നിവയ്ക്കായി സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ കൂടുതൽ വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണി വിപുലീകരിക്കുന്നതിനും വിറ്റുവരവിൽ വർദ്ധനവ് ഉണ്ടാക്കുവാനും സാധിച്ചിട്ടുണ്ട്. ഇതിനായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും സർക്കാർ അനുവദിച്ചുവരുന്നുണ്ട്. വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരം കാരണം പ്രവർത്തന മൂലധനത്തിന് പ്രയാസം നേരിടുന്ന പ്രത്യേകിച്ച് ടെക്സ്റ്റൈൽ മേഖലയിലുള്ള സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന സഹായം പ്രത്യേകം ബഡ്ജറ്റിൽ വകയിരുത്തി നൽകുകയും ചെയ്തുവരുന്നുണ്ട്.<br>ഓരോരോ സ്ഥാപനങ്ങളേയും പ്രത്യേകം പ്രവർത്തന അവലോകത്തിനു വിധേയമാക്കുന്നതിനാൽ പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായി തന്നെ പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്ഥാപനങ്ങളുടെ വിറ്റുവരവിലും, ലാഭത്തിലും വർദ്ധനവ് ഉണ്ടാക്കുന്നതിനും നഷ്ടത്തിൽ |

| | | | |
|---|---|---|---|
| | | | പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്. പൊതുമേഖലയെ സംരക്ഷിക്കുമെന്ന സംസ്ഥാന സർക്കാരിന്റെ നയത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെയും , ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ) എന്നിവയെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | മുൻ സർക്കാരിന്റെ കാലത്ത് നഷ്ടത്തിലായിരുന്ന പൊതുമേഖലാസ്ഥാപനങ്ങളെ ഈ സർക്കാർ മെച്ചപ്പെടുത്തി ലാഭത്തിലാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് 2015-16 സാമ്പത്തികവർഷത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ട്രാൻസ്ഫോമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരളാ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ്, കേരളാ സിറാമിക്സ് ലിമിറ്റഡ്, സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കേരളാ ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് 2019-20 ലെ ആഡിറ്റിനു മുൻപുള്ള വാർഷിക കണക്കുകൾ പ്രകാരം പ്രവർത്തന ലാഭം കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| സി ) | വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഈ സർക്കാർ കാലയളവിൽ കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | സി ) | ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായി നടപ്പിലാക്കിയ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നീ നടപടികളാണ് കേരളം നേരിട്ട വിവിധ പ്രതിസന്ധികളെയും തരണം ചെയ്തുകൊണ്ട് മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെയ്ക്കുവാൻ സ്ഥാപനങ്ങൾക്ക് |

സാധ്യമായത്. വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണി വിപുലീകരിക്കുന്നതിനും വിറ്റുവരവിൽ വർദ്ധനവ് ഉണ്ടാക്കുവാനും സാധിച്ചിട്ടുണ്ട്. ഇതിനായി ബഡ്ജറ്റിൽ നിന്നു കൂടുതൽ ധനസഹായവും സർക്കാർ നൽകി വരുന്നുണ്ട്. വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരവും കോവിഡിനെ തുടർന്നുള്ള പ്രതിസന്ധികൾ തരണം ചെയ്യുന്നതിനും പ്രവർത്തന മൂലധനത്തിന് പ്രയാസം നേരിടുന്ന പ്രത്യേകിച്ച് ടെക്സ്റ്റൽ മേഖലയിലുള്ള സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന സഹായം പ്രത്യേകം ബഡ്ജറ്റിൽ വകയിരുത്തി നൽകുകയും ചെയ്തുവരുന്നുണ്ട്.

കെ.എം.എം.എൽ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം ആരംഭിച്ചു. ട്രാവൻകൂർ കൊച്ചിൻ കെമിക്കത്സ് ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ പൂർത്തീകരിച്ചു വരുന്നു. പരിസ്ഥിതിയ്ക്ക് അനുയോജ്യമായ ഇലക്ട്രിക് വാഹനങ്ങളുടെയും അനുബന്ധ വ്യവസായങ്ങളും ആരംഭിക്കുവാൻ സാധിച്ചു. കേരളാ ആട്ടോമൊബൈൽസിൽ ഇലക്ട്രിക് മുചക്ര വാഹന നിർമ്മാണത്തിനുള്ള എല്ലാ നടപടികളും പൂർത്തീകരിച്ച് വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മാണം ആരംഭിച്ചു. ഇലക്ട്രിക് വാഹനങ്ങൾക്കായുള്ള ചാർജ്ജിംഗ് സംവിധാനങ്ങൾ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാണ പദ്ധതികളും പുരോഗമിച്ചു വരുന്നു. ആട്ടോകാസ്റ്റിൽ ഇന്ത്യൻ റെയിൽവേയ്ക്ക് ആവശ്യമായ കാസ്നബ് ബോഗി നിർമ്മിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

കേരളാ സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന് WHO അംഗീകാരവും, GMP സർട്ടിഫിക്കേഷനും NABL അക്രഡിറ്റേഷനും ലഭിച്ചിട്ടുണ്ട്.

ആധുനിക മരുന്നുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ കെ.എസ്.ഡി.പി യിൽ നടപ്പിലാക്കിവരുന്നു.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ ഹാൻഡ് സാനിറ്റൈസർ, അണുനശീകരണ/ശുചീകരണ വസ്തുക്കൾ തുടങ്ങിയവയുടെ ഉൽപാദനം ആരംഭിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധ പദ്ധതികളുടെ ഭാഗമായി ജനത എന്ന ബ്രാൻഡിൽ ഫേസ് മാസ്കുകൾ നിർമ്മിച്ച് വിപണനം നടത്തിവരുന്നു. ഏകദേശം 1 ലക്ഷം മാസ്കുകൾ വിറ്റു കഴിഞ്ഞു. Anti Microbial Finished മാസ്കുകളുടെ നിർമ്മാണവും പുരോഗമിക്കുന്നു.

വി.എസ്.എസ്.സി/ഐ.എസ്.ആർ.ഒ എന്നിവയ്ക്ക് സ്പേസ് ഇലക്ട്രോണിക്സുമായി ബന്ധപ്പെട്ടും പ്രതിരോധ മേഖലയ്ക്കും ആവശ്യമായ വളരെ കൃത്യതയോടെ നിർമ്മിക്കേണ്ട ഉപകരണങ്ങളുടെയും അനുബന്ധ ജോലികളും ചെയ്യുന്നതിനായി ഇലക്ട്രോണിക്സ്, എഞ്ചിനീയറിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനുമുള്ള നടപടികൾ നടപ്പിലാക്കി. സ്മാർട്ട് മീറ്റർ നിർമ്മാണം, ജി.പി.എസ്. അധിഷ്ഠിത വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം എന്നിവ നിർമ്മിക്കുന്നതിന് യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിനെ സജ്ജമാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| ഡി ) | അടച്ചുപൂട്ടലിന്റെ വക്കത്തായിരുന്ന ചേർത്തല ഓട്ടോകാസ്റ്റിനെ പുനരുജ്ജീവിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളും ആയതിന്റെ അനന്തര ഫലങ്ങളും വ്യക്തമാക്കുമോ? | ഡി ) | ആട്ടോകാസ്റ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാരിന്റെ കാലയളവിൽ 16 കോടി രൂപയുടെ പ്രോജക്ട് ഫണ്ടും 27 കോടി രൂപയുടെ പ്രവർത്തന മൂലധന സഹായവും നൽകുകയുണ്ടായി. ഇതുപയോഗിച്ച് സ്റ്റീൽ കാസ്റ്റിംഗ് ലൈനിന്റെ റെയിൽവേ ബോഗി നിർമ്മാണത്തിനായുള്ള മെഷീനുകളുടെയും പണികൾ പൂർത്തീകരിച്ചു. ഈ കാലയളവിൽ കമ്പനിയ്ക്ക് RDSO യുടെ "A class foundary" അംഗീകാരം ലഭിച്ചിട്ടുണ്ട്. കാസ്നബ് ബോഗികളുടെ പ്രൊട്ടോടൈപ്പ് വികസിപ്പിച്ചെടുത്തതിന്റെ |

ഫലമായി ഇന്ത്യൻ റെയിൽവേയുടെ ഡെവലപ്മെന്റ് ഓർഡറിൽ L 1 സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന് ആവശ്യമായ കൺട്രോൾ വാൽവ് കാസ്റ്റിംഗുകൾ വിവിധ ഗ്രേഡുകളിൽ നിർമ്മിച്ച് നൽകുന്നതിനുള്ള ധാരണയിലേക്ക് എത്തിയിട്ടുണ്ട്. ഇതിനായി ഐ.ബി.ആർ (Indian Boiler Regulation) അംഗീകാരം നേടുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കമ്പനിയുടെ കാസ്റ്റിംഗുകൾക്ക് കൂടുതൽ ആഭ്യന്തര വിപണിയും വിദേശ വിപണിയും കണ്ടെത്തുന്നതിനുള്ള നടപടികളും പുരോഗമിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ